# Desabhimani

# 31 August 2018

# Kuttanadu, CM's Flood Relief Fund



15 സെന്റ് സ്ഥലത്തിന്റെ രേഖകൾ ദേവാനന്ദ് വില്ലേജ് ഓഫീസർക്ക് കൈമാറുന്നു

## ദുരിതാശ്വാസ നിധിയിലേക്ക് 15 സെന്റ് സ്ഥലം നൽകി

**കൂറ്റനാട്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 15 സെന്റ് സ്ഥലം സംഭാവന നൽകി. മലപ്പുറം എടപ്പാൾ കോലളമ്പ് കാട്ടിൽ താഴത്തേതിൽ പരേതനായ ശങ്കരൻകുട്ടിയുടെ മകൻ ദേവാനന്ദനാണ് പട്ടിത്തറ പഞ്ചായത്തിലെ കോട്ടപ്പാടം ശിവക്ഷേത്രത്തിനുസമീപം വാങ്ങിയ 63 സെന്റ് തെങ്ങിൻപറമ്പിൽനിന്നും 15 സെന്റ് സ്ഥലം നൽകിയത്. സമ്മതപത്രം പട്ടിത്തറ വില്ലേജ് ഓഫീസർക്ക് കൈമാറി.

26 വർഷം ഗൾഫിൽ ജോലി ചെയത് തിരിച്ചെത്തി നാലുവർഷമായി നാട്ടിൽ കൃഷി ചെയ്യുകയാണ് ദേവാനന്ദൻ. മൂന്നു വർഷം മുമ്പാണ് ഈ സ്ഥലം വാങ്ങിയത്. പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് ദുരിതം അനുഭവിക്കുന്നവരെ സഹായിക്കേണ്ടത് തന്റേയും കടമയാണെന്ന തിരിച്ചറിവാണ് തന്നെ ഇതിനു പ്രേരിപ്പിച്ചതെന്ന് ദേവാനന്ദൻ പറഞ്ഞു. ഭാര്യ: ദിൽഷ. മക്കൾ: നിഖിൽ, വിഷ്ണുപ്രിയ, ഹരിപ്രിയ.